**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3881** **17-03-2025 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ കോൺക്രീറ്റ് ഉൾപ്പെടെ 58 ശതമാനം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ കോൺക്രീറ്റിങ്ങ്, പ്ലാസ്റ്ററിങ്ങ്, കെട്ടിടത്തിനുള്ളിലെ പാർട്ടീഷ്യൻ പണികൾ, ടൈൽ പാകൽ, വാതിൽ സ്ഥാപിക്കൽ, ഇലക്ട്രിക്ക് പണികൾ, പ്ലംബിംഗ് പണികൾ, പെയിന്റിങ്ങ് എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും ഏത് ഏജൻസിയാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി 255.93 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ കെ.പി.എച്ച്.സി.സി (Kerala Police Housing & Construction Corporation) ആണ് നടത്തുന്നത്. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ? | (സി) | വാടാനപ്പള്ളി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2022 നവംബർ മാസത്തിലാണ്. ഏകദേശം 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ